بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 26.07.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

**26.07.2019ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം**

**നബി(സ)തിരുമേനിയുടെ മഹോന്നതരായ ബദരീ സ്വഹാബികളുടെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസം ദൃഢീകരിക്കുന്ന, ഹൃദയഹാരിയായ വിവരണങ്ങൾ.**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറാ ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ പറഞ്ഞു;

ഇന്നും ബദരീ സ്വഹാബാക്കളെക്കുറിച്ചുള്ള വിവരണമാണ്. ആദ്യത്തെ സ്വഹാബിയുടെ പേരാണ് ഹദ്റത്ത് മുദ്വാഹിർ ബിൻ റാഫിഅ്. റാഫിഅ് ബിൻ അദ്വി എന്നായിരുന്നു ഹദ്റത്ത് മുദ്വാഹിറിന്റെ പിതാവിന്റെ പേര്. അദ്ദേഹം ബദർ യുദ്ധത്തിലും മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയൊടൊപ്പം പങ്കെടുത്തിരുന്നു. ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്തു കാലത്താണ് ഹദ്റത്ത് മുദ്വാഹിർ മരണപ്പെട്ടത്. ഹദ്റത്ത് മുദ്വാഹിറിന്റെ ശഹാദത്തു സംഭവം ഇപ്രകാരം വിവരിക്കപ്പെടുന്നു, യഹ്യാ ബിൻ സഹൽ ബിൻ അബൂഹശ്മ വിവരിക്കുന്നു; ഹദ്റത്ത് മുദ്വാഹിർ ബിൻ റാഫിഅ് ഹാരിസി ശാമിൽ നിന്നും ശക്തരായ ഏതാനും തൊഴിലാളികളെ എന്റെ പിതാവിന്റെ അടുക്കൽ കൊണ്ടുവന്നു. അവരുടെ ഭൂമിയിൽ ജോലി ചെയ്യുന്നതിനു വേണ്ടി. ഇവർ ഖൈബറിലെത്തിയപ്പോൾ അവിടെയുള്ള യഹൂദികൾ ഹദ്റത്ത് മുദ്വാഹിറിനെ വധിക്കുവാനായി ആ തൊഴിലാളികളെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. രണ്ട് മൂന്ന് കത്തികളും അവർക്ക് രഹസ്യമായി നൽകി. ഹദ്റത്ത് മുദ്വാഹിർ ഖൈബറിനു പുറത്തെത്തി സബാർ എന്ന സ്ഥലത്തെത്തിയപ്പോൾ അവർ ഹദ്റത്ത് മുദ്വാഹിറിനെ ആക്രമിക്കുകയും വയറു പിളർത്തി ശഹീദാക്കുകയും ചെയ്തു. തുടർന്ന് അവർ തിരിച്ച് ഖൈബറിലെത്തി. യഹൂദികൾ അവർക്ക് ഭക്ഷണങ്ങളും യാത്രയ്ക്കാവശ്യമായ സാധനങ്ങളും നൽകി യാത്രയാക്കി. അങ്ങിനെ ശാമിൽ തിരിച്ചെത്തി. ഹദ്റത്ത് ഉമറുബ്നു ഖത്വാബിന് ഈ വിവരം ലഭിച്ചപ്പോൾ അദ്ദേഹം പറഞ്ഞു; ഞാൻ ഖൈബറിലേക്കു പുറപ്പെടുകയാണ്. അവിടെയുള്ള മുഴുവൻ സ്വത്തുക്കളും വിതരണം ചെയ്യാൻ പോകുകയാണ്. അവിടെ അതിരു വേർതിരിച്ച് കെട്ടാൻ പോകുകയാണ്. അതായത് യഹൂദികളെ അവിടെനിന്നും നാടുകടത്തി പ്രതികാരം ചെയ്യുന്നതാണ്. എന്തുകൊണ്ടെന്നാൽ നബി(സ)തിരുമേനി അവരെക്കുറിച്ച് പറഞ്ഞിരുന്നു, അല്ലാഹു നിങ്ങൾക്ക് നിൽക്കാനിടം നല്കാത്തിടത്തോളം ഞാനും നിങ്ങളെ നിൽക്കാൻ അനവദിക്കുകയില്ല. അവരെ നാടുകടത്താനുള്ള അനുവാദവും അല്ലാഹു നൽകിയിരിക്കുന്നു. ഹദ്റത്ത് ഉമർ പിന്നീട് അതുപോലെതന്നെ ചെയ്യുകയുണ്ടായി. ഹദ്റത്ത് മുദ്വാഹിറിന്റെ ശഹാദത്ത് സംഭവം നടന്നത് ഹിജ്റി 20നാണ്.

അടുത്തതായി വിവരിക്കുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് മാലിക് ബിൻ ഖുദാമ. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഖുദാമാ ബിൻ അർഫജ എന്നായിരുന്നു. അൻസ്വാറുകളുടെ ഗോത്രമായ ഔസ് ഗോത്രത്തിലെ ബനൂഗനം കുടുംബവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് മാലിക് തന്റെ ഒരു സഹോദരനായ ഹദ്റത്ത് മുൻദിർബിന് ഖുദാമയുടെ കൂടെ ബദർയുദ്ധത്തിൽ പങ്കെടുത്തു.

അടുത്ത സ്വഹാബിയുടെ പേരാണ് ഖുറൈം ബിൻ ഫാത്തിക്. ബനൂ അസദുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് ഖരീം ബിൻ ഫാത്തിക് അദ്ദേഹത്തിന്റെ സഹോദരൻ ഹദ്റത്ത് സബ്റ ബിൻ ഫാത്തികിനോടൊപ്പം ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഹദ്റത്ത് ഖുറൈം പിന്നീട് തന്റെ മകനോടൊപ്പം കൂഫയിലേക്കു പോകുകയും തുടർന്ന് റിഖ പട്ടണത്തിലേക്ക് താമസംമാറുകയും ചെയ്തു. അവർ രണ്ടുപേരും ഹദ്റത്ത് അമീർ മുആവിയയുടെ ഭരണകാലത്ത് അവിടെ വച്ചുതന്നെ വഫാത്തായി.

അടുത്ത സ്വഹാബിയുടെ പേരാണ് ഹദ്റത്ത് മഅ്മർ ബിൻ ഹാരിസ്. ഖുറൈ ഗോത്രത്തിലെ ബനൂജുമുആ കുടുംബവുമായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. പിതാവിന്റെ പേര് ഹാരിസ്ബിൻ മഅ്മർ എന്നും മാതാവിന്റെ പേര് ഖുതൈല ബിൻത് മദ്ഊൻ എന്നുമായിരുന്നു. ഹദ്റത്ത് ഉസ്മാൻബിൻ മദ്ഊന്റെ സഹോദരിയായിരുന്നു അവർ. ഹദ്റത്ത് മഅ്മറിന് രണ്ടു സഹോദരൻമാരാണുണ്ടായിരുന്നത് ഹാത്വിബും ഹത്വാബും. ഇവർ മൂന്നുപേരും നബി(സ),ദാറെഅർഖമിൽ പ്രവേശിക്കുന്നതിന് മുൻപുതന്നെ ഇസ്ലാം സ്വീകരിച്ചിരുന്നു. ഹദ്റത്ത് മഅ്മർ അസ്സാബിഖൂനൽ അവ്വലൂൻ (ആദ്യംമുൻകടന്നവർ) ഗണത്തിൽപ്പെടുന്നു. ഹദ്റത്ത് ആയിശാ ബിൻത് ഖുദാമയിൽ നിന്നും നിവേദനം; ബനൂ മദ്ഊനിൽ നിന്നും ഹദ്റത്ത് ഉസ്മാൻ ഹദ്റത്ത് ഖുദാമ,ഹദ്റത്ത് അബദുല്ലാഹ്,ഹദ്റത്ത് സായിബ് ബിൻ ഉസ്മാൻ,ഹദ്റത്ത് മഅ്മർ ബിൻ ഹാരിസ് എന്നിവർ മക്കയിൽ നിന്നും ഹിജ്റത്ത് ചെയത് മദീനയിലെത്തിയപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലമാ അജ്ലാനിയുടെ ഗൃഹത്തിലായിരുന്നു താമസിച്ചിരുന്നത്. നബി(സ)തിരുമേനി ഹദ്റത്ത് മുആദ് ബിൻ അഫ്രായുമായി അദ്ദേഹത്തിന്റെ സാഹോ

ദര്യബന്ധമുണ്ടാക്കി. ഹദ്റത്ത് മഅ്മർബിന് ഹാരിസ് ബദർ,ഉ ഹദ്,ഖന്ദഖ് യുദ്ധങ്ങളുൾപ്പെടെ എല്ലാ യുദ്ധങ്ങളിലും ന ബി(സ)തിരുമേനിയൊടൊപ്പം പങ്കെടുത്തിരുന്നു. ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്തുകാലത്ത് ഹിജ്രി 23 ന് അദ്ദേഹം വഫാത്തായി.

ഇനി വിവരിക്കാൻ പോകുന്ന സ്വഹാബിയുടെ പേര് സു ഹൈർബിൻ റാഫിഅ് എന്നാണ്. അൻസ്വാർ ഗോത്രമായ ഔസ് ഗോത്രത്തിലെ ബനൂ ഹാരിസ ബിൻ ഹാരിസുമായി ട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് റാഫിഅ് ബിൻ ഖുദൈജിന്റെ സഹോദരപുത്രനായിരുന്നു ഹദ്റത്ത് സുഹൈർ. ഫാത്തിമ ബിൻത് ബിഷർ എന്നായിരുന്നു അ ദ്ദേഹത്തിന്റെ ഭാര്യയുടെ പേര്. അവർ ബനൂ അദ്ദീബിൻ ഗന മിൽ നിന്നുള്ളതായിരുന്നു. ഹദ്റത്ത് മുദ്വാഹിർ,ഹദ്റത്ത് സു ഹൈറിന്റെ സഹോദരനായിരുന്നു. രണ്ടു സഹോദരൻമാർ ക്കും ബദർ യുദ്ധത്തിൽ പങ്കെടുക്കുവാനുള്ള ഭാഗ്യമുണ്ടായി. ഹദ്റത്ത് സുഹൈർ, രണ്ടാം ബൈഅത്തെ ഉഖ്ബ,ബദർ, ഉഹദ് യുദ്ധങ്ങളുൾപ്പെടെ മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തി രുമേനിയെടൊപ്പം പങ്കടുക്കുകയുണ്ടായി.

ഇനി വിവരിക്കുന്ന സ്വഹാബിയുടെ പേര് അംറ് ബിൻ ഇ യാസ് എന്നാണ്. ഹദ്റത്ത് അംറ്, യമനിൽ നിന്നുള്ളതായി രുന്നു. അൻസ്വാറുകളുടെ ഗോത്രമായ ബനൂ ലൗസാനിന്റെ സഖ്യകക്ഷികളിൽപ്പെട്ടയാളായിരുന്നു. ഇയാസ്ബിൻ അംറ് എന്നായിരുന്നു അദ്ദേഹത്തിന്റെ പിതാവിന്റെ പേര്. ഹദ്റ ത്ത് അംറ്,ബദർ,ഉഹദ് യുദ്ധങ്ങളിൽ നബി(സ)തിരുമേനിയു ടെ കൂടെ പങ്കെടുത്തു. ഹദ്റത്ത് അംറ്, ഹദ്റത്ത് റഫീഅ് ബിൻ ഇയാസിന്റെയും ഹദ്റത്ത് വറഖ ബിൻ ഇയാസിന്റെയും സഹോദരനായിരുന്നു. മൂന്നു സഹോദരൻമാർക്കും ബദർ യുദ്ധത്തിൽ പങ്കെടുക്കാൻ സാധിച്ചു.

അടുത്ത സ്വഹാബിയുടെ പേരാണ് ഹദ്റത്ത് മുദ്ലിജ് ബിൻ അംറ്. അംറു ബിൻ മിദ്ലാജ് എന്നും പറയപ്പെടുന്നുണ്ട്. ബ നൂസുലൈം ഗോത്രത്തിലെ ബനൂഹുജ്ർ കുടുംബത്തിൽപ്പെ ട്ടയാളായിരുന്നു. ഹദ്റത്ത് മുദ്ലിജ് തന്റെ രണ്ടു സഹോദ രൻമരായ ഹദ്റത്ത് സഖ്ഫ് ബിൻ അംറ്,ഹദ്റത്ത് മാലിക് ബിൻ അംറ് എന്നിവരോടൊപ്പം ബദർ യുദ്ധത്തിൽ പങ്കെടു ത്തു. നബി(സ)തിരുമേനിയോടൊപ്പം ബദർ,ഉഹദ് യുദ്ധങ്ങ ളിലും മറ്റെല്ലാ യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുത്തു. ഹി ജ്രി 50 ന് ഹദ്റത്ത് അമീർ മുആവിയയുടെ ഭരണകാലത്താ ണ് അദ്ദേഹം വഫാത്തായത്.

ഹദ്റത്ത് അബദുല്ലാഹ് ബിൻ സുഹൈൽ എന്നാണ് അ ടുത്ത സ്വാഹാബിയുടെ പേര്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് സുഹൈൽ ബിൻ അംറ് എന്നും മാതാവിന്റെ പേര് ഫാഖ്ത ബിൻത് അംറ് എന്നുമായിരുന്നു. അവരുടെ സഹോ ദരന്റെ പേര് അബൂ ജന്ദൽ എന്നായിരുന്നു. ഹദ്റത്ത് അ ബ്ദുല്ലാഹ് ബിൻ സുഹൈൽ ഹബ്ശയിൽ നിന്നും തിരിച്ചെ ത്തിയപ്പോൾ അദ്ദേഹത്തിന്റെ പിതാവ് നിർബന്ധപൂർവ്വം അ ദ്ദേഹത്തെ മതത്തിൽ നിന്നും മാറ്റുകയുണ്ടായി. അദ്ദേഹം മുശ്രിക്കുകളുടെ കൂടെ മുസ് ലിംകൾക്കെതിരായി യുദ്ധം ചെയ്യാൻ ബദറിലേക്കു പുറപ്പെട്ടതായിരുന്നു. ബദറിൽവച്ച് മുസ് ലിംകളും മുശ്രിക്കുകളും തമ്മിൽ മുഖാമുഖം നിൽ ക്കുമ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുഹൈൽ മുസ്ലിം കളുടെ ഭാഗത്തേക്കു തിരിയുകയും യുദ്ധം ആരംഭിക്കുന്ന തിനു മുൻപായി നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജരാവുകയും ചെയ്തു. അങ്ങിനെ മുസ്ലിം ആയിക്കൊ ണ്ട് അദ്ദേഹം ബദർ യുദ്ധത്തിൽ പങ്കെടുത്തു. ആ സമയത്ത് അദ്ദേഹത്തിന് 22 വയസ്സായിരുന്നു. ഹദ്റത്ത് സുഹൈൽ ബദർ,ഉഹദ്,ഖന്ദഖ് അടക്കമുള്ള എല്ലാ യുദ്ധങ്ങളിലും ന ബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. മക്കാവിജയ സ മയത്ത് അബ്ദുല്ലാഹ് തന്റെ പിതാവിനുവേണ്ടി സംരക്ഷണം ആവശ്യപ്പെട്ടു. നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാ ജരായിക്കൊണ്ട് അദ്ദേഹം ചോദിച്ചു; അല്ലാഹുവിന്റെ റസൂ ലേ താങ്കളെന്റെ പിതാവിന് സംരക്ഷണം നൽകുമോ. അി വിടന്ന് പറഞ്ഞു; അദ്ദേഹം അല്ലാഹുവിന്റെ സംരക്ഷണ ത്താൽ സുരക്ഷിതനാണ്. ശരി അദ്ദേഹത്തിനു പുറത്തിറ ങ്ങാവുന്നതാണ്. അതിനു ശേഷം നബി(സ)ചുറ്റും കൂടിയി രുന്നവരോടായി പറഞ്ഞു; ആരും സഹൽബിൻ ഹാരിസി നെ കാണുമ്പോൾ നിന്ദാ ദൃഷ്ടിയോടെ കാണരുത്. എന്റെ ജീവനെക്കൊണ്ട് സത്യം തീർച്ചയായും സുഹൈൽ ബുദ്ധി മാനും മാന്യനുമാണ്. സുഹൈലിനെപ്പോലെയുള്ള വ്യക്തി കൾ ഇസ്ലാമിനെക്കുറിച്ചജ്ഞനാകാൻപാടില്ല.ഹദ് റത്ത് സു ഹൈൽ തന്റെ പിതാവിന്റെയടുക്കൽ പോയി നബി(സ)തി രുമേനിയുമായുണ്ടായ സംഭാഷണത്തെക്കുറിച്ചു പറഞ്ഞു. സു ഹൈൽ പറഞ്ഞു; അല്ലാഹുവാണ സത്യം അദ്ദേഹം വാർദ്ധ ക്യത്തിലും കുട്ടിക്കാലത്തും സൽക്കർമ്മിയായിരുന്നു. അങ്ങി നെ ഹദ്റത്ത് അബ്ദുല്ലായുടെ പിതാവ് സുഹൈൽ ഇസ്ലാം സ്വീകരിച്ചു. ഹദ്റത്ത് സുഹൈൽ വിശ്വാസിയായതിനു ശേ ഷം പറയുമായിരുന്നു, ഇസ്ലാമിൽ എന്റെ മകനുവേണ്ടി ഒ രുപാട് നൻമകൾ വച്ചിട്ടുണ്ട്.

ഹദ്റത്ത് സുഹൈൽ യമാമാ യുദ്ധത്തിലും പങ്കെടുത്തി രുന്നു. ആ യുദ്ധത്തിൽത്തന്നെ ഹിജ്രി 12ന് ഹദ്റത്ത് അ ബൂബക്കർ സിദ്ദീഖ്(റ)ന്റെ ഖിലാഫത്തു കാലത്ത് അദ്ദേഹം വഫാത്തായി.അപ്പോൾ അദ്ദേഹത്തിന് 38 വയസ്സായിരുന്നു. ഹദ്റത്ത് അബ്ദുല്ലായുടെ പിതാവ് സുഹൈലും അദ്ദേഹ ത്തിന്റെ പ്രബോധനഫലമായാണ് ബൈഅത്തു ചെയ്തത്. ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹത്തിന്റെ ഖിലാഫത്തുകാ ലത്ത് ഹജ്ജ്ചെയ്യുന്നതിനായി മക്കയിൽ പോയപ്പോൾ ഹദ് റത്ത് സുഹൈലുബിൻ അംറ് ഹദ്റത്ത് അബൂബക്കർ (റ)നെ കാണുവാനായി വന്നു. ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹ ത്തിന്റെ മകൻ അബ്ദുല്ലായെക്കുറിച്ചുള്ള അനുശോചനം അ റിയിച്ചപ്പോൾ ഹദ്റത്ത് സൂഹൈൽ പറഞ്ഞു; നബി(സ) ഇ ങ്ങിനെ പറഞ്ഞതായി എനിക്ക് അറിയാൻ കഴിഞ്ഞു, അ തായത് ഒരു ശഹീദിന് തന്റെ കുടുംബത്തിലെ എഴുപതു പേർക്കു വേണ്ടി ശുപാർശ ചെയ്യാൻ സാധിക്കും. എന്റെ മ കൻ എന്നിൽ നിന്നല്ലാതെ അത് ആരംഭിക്കുകയില്ല എന്നെ നിക്കു വിശ്വാസമുണ്ട്. (അതായത് എന്റെ പേരായിരിക്കും ആദ്യം പറയുക). മറ്റൊരു അഭിപ്രായപ്രകാരം ഹദ്റത്ത് അ ബ്ദുല്ലാഹ് ബഹ്റൈനിലെ ജുവാസാ പ്രദേശത്തു വച്ച് 88-ാം വയസ്സിൽ ശഹീദായി. ബഹ്റൈനിലെ അബ്ദുൽഖൈസിന്റെ കോട്ടയാണ് ജുവാസാ. അഅ്ലാ ബിൻ ഹസമി ഹദ്റത്ത്

അബൂബക്കർ (റ)ന്റെ ഖിലാഫത്തുകാലത്ത് ഹിജ് രി 12 ൽ പിടിച്ചക്കിയതായിരുന്നു അത്. ഏതായിരുന്നാലും ഇങ്ങിനെ രണ്ടു നിവേദനങ്ങളുണ്ട്.

അടുത്ത സ്വഹാബിയാണ് ഹദ്റത്ത് യസീദ് ബിൻ ഹാരിസ്. അൻസ്വാർ ഗോത്രമായ ഖദ്രജിന്റെ കുടുംബമായ ബനൂ അഹ്മർ ബിൻ ഹാരിസയുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് യസീദിന് ബദർയുദ്ധത്തിൽ പങ്കെടുക്കുവാനുള്ള സൗഭാഗ്യമുണ്ടായി. ആ യുദ്ധത്തിൽത്തന്നെ ശഹാദാത്ത് പദവിയും കരസ്ഥമായി.

അടുത്ത സ്വഹാബിയുടെ പേരാണ് ഹദ്റത്ത് ഉമൈർ ബിൻ ഹുമാം. ഹദ്റത്ത് ഉമൈർ,അൻസ്വാർ ഗോത്രമായ ഖദ്റജിന്റെ ശാഖ ബനൂസലമയിലെ ബനൂ ഹറാം ബിൻ കഅബ് കുടുംബത്തിൽ പ്പെട്ടതായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് ഉമൈർ ബിൻ ഹുമാമിനും ഹദ്റത്ത് ഉബൈദാ ബിൻ ഹാരിസ് മുതല്ലിബിക്കുമിടയിൽ സാഹോദര്യ ബന്ധമുണ്ടാക്കി. ഇവർ രണ്ടുപേരും ബദറിൽ ശഹീദായവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. ബദർ യുദ്ധ സമയത്ത് മുശ്രിക്കുകൾ സമീപത്തെത്തിയപ്പോൾ നബി(സ)തിരുമേനി പറഞ്ഞു; ആകാശഭൂമികൾക്ക് തുല്യമായത്ര വിശാലമായ സ്വർഗ്ഗത്തിനുവേണ്ടി മുന്നേറുക. ഹദ്റത്ത് ഉമൈർ ബിൻ ഹമാം നബി(സ)യോടു ചോദിച്ചു ആകാശഭൂമികൾക്കു തുല്യമായ സ്വർഗ്ഗത്തെക്കുറിച്ച് അവിടുന്നുതന്നെയൊണോ പറഞ്ഞത്. അവിടന്ന് അതെ എന്നു മറുപടി നൽകി. അപ്പോൾ അദ്ദേഹം(ഉമൈർ ബിൻ ഹമാം)പറഞ്ഞു, ആഹാ! നബി(സ) ചോദിച്ചു നീഅങ്ങിനെ പറയുന്നതെന്താണ്. അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ റസൂലേ സത്യമായും ഞാൻ സ്വർഗ്ഗവാസികളിൽപ്പെട്ടയാളാകുവാൻ ആഗ്രഹിച്ചുകൊണ്ടു പറഞ്ഞുപോയതാണ്. അവിടന്ന് പറഞ്ഞു നീ സ്വർഗ്ഗവാസി തന്നെയാണ്. പിന്നീട് അദ്ദേഹം സത്യനിഷേധികളോടേറ്റുമുട്ടുകയും ശഹീദാകുകയും ചെയ്തു. ബദർയുദ്ധാവസരത്തിൽ അദ്ദേഹം ഇങ്ങിനെ പറയുന്നുണ്ടായിരുന്നു, ഭയഭക്തിയല്ലാതെ മറ്റൊന്നും അല്ലാഹുവിങ്കലേക്ക് കരുതൽവിഭവമായി കൊണ്ടുപോകുന്നില്ല. ഞാൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദിനായി അചഞ്ചലനായി നിലകൊള്ളുന്നതാണ്. നിസ്സംശയം തഖ്വയാണ് ഏറ്റവും ഉത്തമം. നേർമാർഗ്ഗത്തിലേക്കുള്ള ഏറ്റവും നല്ല വഴികാട്ടിയാണത്. ജീവനുള്ളതെല്ലാം ഒടുവിൽ നശിക്കുകതന്നെ ചെയ്യും. ഇസ്ലാമിനുവേണ്ടി അൻസ്വാറുകളിൽ നിന്നും ഏറ്റവുമാദ്യം ശഹീദായത് ഹദ്റത്ത് ഉമൈർ ബിൻ ഹമാം ആയിരുന്നു. ചില നിവേദനങ്ങൾ പ്രകാരം ഹദ്റത്ത് ഹാരിസ ബിൻ ഖൈസ് ആണ് ആദ്യം ശഹീദായ അൻസാരി. രണ്ടു തരത്തിലുള്ള നിവേദനങ്ങളാണുള്ളത്. ഏതായിരുന്നാലും ഇവർ രണ്ടുപേരും ബദറിൽ ശഹീദായി.

അടുത്തതായി വിവരിക്കുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് ഹമീദ് അൻസ്വാരി. ഹദ്റത്ത് സുബൈർ വിവരിക്കുന്നു, മദീനയിൽ ഒരു ചരൽപ്രദേശത്ത് വയലുകളിലേക്ക് വെള്ളം കൊണ്ടുപോകുന്നതിനായുള്ള ഒരു ചെറിയ കനാൽ ഉണ്ടായിരുന്നു. അതുമായി ബന്ധപ്പെട്ട് ഒരു അൻസാരിയുമായി വഴക്കുണ്ടായി. ബദർയുദ്ധത്തിൽ പങ്കെടുത്തിരുന്ന ഒരു അൻസ്വാരിയായിരുന്നു അത്. ആ പ്രശ്നം പരിഹരിക്കുന്നതിനായി നബി(സ)തിരുമേനിയുടെ അടുക്കൽ കൊണ്ടുവന്നു. അവർ രണ്ടുപേരും ആ കനാലിൽ നിന്നും വെള്ളമെടുക്കുന്നുണ്ടായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് സുബൈറിനോടു പറഞ്ഞു, സുബൈർ നീ ആദ്യം വെള്ളം നനയ്ക്കുക അതിനു ശേഷം അയൽക്കാരനു വേണ്ടി തുറന്നു വിടുക. കാരണം ആദ്യത്തെ നിലം അദ്ദേഹത്തിന്റെതായിരുന്നു. അതിൽ ആ അൻസ്വാരി നീരസംപ്രകടപ്പിച്ചുകൊണ്ടു പറഞ്ഞു, യാ റസൂലല്ലാഹ് താങ്കൾ ഇങ്ങിനെയൊരു തീരുമാനമെടുത്തത് അദ്ദേഹം താങ്കളുടെ പിതൃസഹോദരീ പുത്രനായതുകൊണ്ടല്ലെ. നബി(സ)തിരുമേനിയുടെ മുഖം ചുവന്നു. ഹദ്റത്ത് സുബൈറിനോടു പറഞ്ഞു; ആദ്യം ഞാൻ ഔദാര്യമെന്നനിലയിലാണ് സംസാരിച്ചത്. ഇപ്പോൾ അവകാശത്തിന്റെ കാര്യം വന്നിരിക്കുന്നു നീ വെള്ളം നനയ്ക്കുകയും  വരമ്പ് മൂടുന്നതുവരെ വെള്ളം കെട്ടിനിർത്തുകയും ചെയ്യുക. നബി(സ)തിരുമേനി ഹദ്റത്ത് സുബൈറിന് അവകാശപ്പെട്ടത് മുഴുവനും നൽകി. അതിനു മുൻപ് നബി(സ)തിരുമേനി ഹദ്റത്ത് സുബൈറിനോട് തങ്ങളുടെ അഭിപ്രായത്തെക്കുറിച്ച് സൂചന നൽകിയിരുന്നു. അതിൽ അദ്ദേഹത്തിനും ആ അൻസാരിക്കും  ഗുണമുണ്ടായിരുന്നു. അൻസ്വാരി നബിതിരുമേനിയെ കോപിഷ്ടനാക്കിയപ്പോൾ ഹദ്റത്ത് സുബൈറിന് ശരിയായതും അർഹിക്കുന്നതുമായ അവകാശം മുഴുവനും നൽകി.  ഉർവ പറയുന്നു; ഹദ്റത്ത് സുബൈർ പറയുമായിരുന്നു *ഫലാ വ റബ്ബിക്ക ലാ യുഅ്മിനൂന ഹത്താ യുഹക്കിമൂക്ക ഫീമാ ശജറ ബൈനഹും സുമ്മ ലാ യജിദൂ ഫീ അൻഫുസിഹിം ഹറജൻമിമ്മാ ഖദൈത്ത വ യുസല്ലിമൂ തസ്ലീമാ*(4,66 ) എന്ന ഈ ആയത്ത് ഈയൊരു സംഭവവുമായി ബന്ധപ്പെട്ട് ഇറങ്ങിയതുതന്നെയാണെന്നു ഞാൻ ശരിക്കും മനസ്സിലാക്കുന്നു. അതായത്, "എന്നാൽ അങ്ങിനെയല്ല, നിന്റെ നാഥനെക്കൊണ്ട് സത്യം അവർക്കിടയിൽ ഭിന്നിപ്പുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവായി സ്വീകരിക്കുകയും എന്നിട്ട് നീ വിധിച്ച കാര്യത്തെ സംബന്ധിച്ച് അവരുടെ ഹൃദയത്തിൽ യാതൊരു വിധ പ്രയാസവും ഉണ്ടാവാതിരിക്കുകയും അവർ പരിപൂർണ്ണമായി അനുസരണം പുലർത്തുന്നതു വരെ അവർ യഥാർത്ഥ വിശ്വാസികളാകുകയില്ല.‘ സ്വഹീഹ് ബുഖാരിയുടെ വ്യഖ്യാന ഗ്രന്ഥമായ ഇർശാദുസ്സാരിയിലും  അൽഅസാബ,അസദുൽ ഗാബ്ബയിലും എഴുതിയിരിക്കുന്നു, ഹദ്റത്ത് സുബൈറുമായി തർക്കമുണ്ടാക്കിയത് ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്ന ഹദ്റത്ത് ഹമീദ് അൻസ്വാരിയായിരുന്നു. ചുരുക്കത്തിൽ, ശൈത്വാൻ പലപ്പോഴും ഒളിഞ്ഞിരുന്നുകൊണ്ട് ആക്രമണം നടത്തുന്നു. എന്നാൽ ബദരീ സ്വഹാബാക്കളെ സംബന്ധിച്ച് അവർക്ക് പൊറുത്തുകൊടുക്കുന്നതാണെന്നതിന് അല്ലാഹു തന്നെ സാക്ഷി പറയുകയും ചെയ്തിട്ടുണ്ട്.

മറ്റൊരു സ്വഹാബിയായിരുന്നു ഹദ്റത്ത് അംറ് ബിൻ മുആദ് ബിൻ നുഅ്മാൻ ഉസീർ. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് മുആദു ബിൻ നുഅ്മാൻ എന്നും മാതാവിന്റെ പേര് കബ്ശ ബിൻത് റാഫിഅ് എന്നുമായിരുന്നു. നബി(സ)തിരുമേനി അംറുബിൻ മുആദിനും ഹദ്റത്ത് ഉമൈറുബിൻ അബൂ വഖാസിനുമിടയിൽ സാഹോദര്യ ബന്ധം സ്ഥാപിച്ചു.

ഹദ്റത്ത് അംറു ബിൻ മുആദ് അദ്ദേഹത്തിന്റെ സഹോദരൻ ഹദ്റത്ത് സഅദിനോടൊപ്പം ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഉഹദ് യുദ്ധത്തിൽ അദ്ദേഹം ശഹീദായി. ശഹാദത്തിന്റെ സമയത്ത് അദ്ദേഹത്തിന് 32 വയസ്സു പ്രായമായിരുന്നു.

അടുത്ത സ്വഹാബിയാണ് ഹദ്റത്ത് മസ്ഊദ് ബിൻ റബീഅബിൻ അംറ്. ഖാറാ ഗോത്രവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ബനൂ സുഹ്റ ഗോത്രത്തിന്റെ സഖ്യകക്ഷികളിൽപ്പെട്ടയാളുമായിരുന്നു. ഹദ്റത്ത് മസ്ഊദിന്റെ പിതാവിന്റെ പേര് റബീഅ് അല്ലെങ്കിൽ റബീഅ എന്നും ആമിർ എന്നും പറയപ്പെടുന്നു. ഹദ്റത്ത് മസ് ഊദിന്റെ ഒരു മകന്റെ പേര് അബ്ദുല്ലാഹ് എന്നായിരുന്നു. ഖാരി എന്നാണ് അദ്ദേഹത്തിന്റെ കുടുംബം മദീനയിൽ അറിയപ്പെട്ടിരുന്നത്. നബി(സ)തിരുമേനി ദാറെ അർഖമിൽ പ്രവേശിക്കുന്നതിനു മുൻപു തന്നെ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിനും ഹദ്റത്ത് ഉബൈദ ബിൻ തിഹ്‌യാനുമിടയിൽ സാഹോദര്യബന്ധമുണ്ടാക്കി. ഹദ്റത്ത് മസ്ഊദ് ബിൻ റബീഅ ബദർ,ഉഹദ്,ഖന്ദഖ് യുദ്ധങ്ങളുൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹിജ് രി 30 ന് അദ്ദേഹം വഫാത്തായി. അദ്ദേഹത്തിനപ്പോൾ 60 വയസ്സിൽ കൂടുതൽ പ്രായമുണ്ടായിരുന്നു.

അല്ലാഹു ഈ സ്വഹാബാക്കളുടെ പദവികൾ ഉയർത്തുമാറാകട്ടെ അവരുടെ നൻമകൾ തുടർന്നുകൊണ്ടുപോകാൻ നമുക്കും സാധിക്കട്ടെ.

ഇതിനു ശേഷം വളരെ ചുരുങ്ങിയ നിലയിൽ ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. അതായത് വരുന്ന ജുമുആയോടെ ബ്രിട്ടൺ ജലസാ സാലാന ആരംഭിക്കുകയാണ് ഇൻശാ അല്ലാഹ്.അത് എല്ലാവിധത്തിലും അനുഗൃഹീതമാകാൻ ദുആ ചെയ്യുക. അല്ലാഹു എല്ലാവിധത്തിലും അത് അനുഗൃഹീതമാക്കട്ടെ. ഡ്യൂട്ടിയുള്ളവർ അവരുടെ ഡ്യൂട്ടികൾ കഴിവിന്റെ പരമാവധി പൂർത്തിയാക്കുവാൻ ശ്രമിക്കുക. ദുആയും ചെയ്യുക അല്ലാഹു അവർക്ക് നല്ല രീതിയിൽ ഡ്യൂട്ടി ചെയ്യുവാനുള്ള തൗഫീഖ് നൽകട്ടെ. ഇപ്രാവശ്യം ട്രാൻസ്പോർട്ട് വകുപ്പിന കൂടുതൽ പ്ലാനിങ്ങോടുകൂടി കൂടുതൽ ജോലി ചെയ്യേണ്ടതായി വരും. എന്തെന്നാൽ ഇവിടെ താമസിക്കുന്ന ആളുകളെ ജലസയ്ക്കു കൊണ്ടുപോകുകയും കൊണ്ടുവരികയും ചെയ്യുന്നതിനായുള്ള ഏർപ്പാട് ചെയ്യേണ്ടതായി വരും. അതിനായി ഞാൻ ജലസാ സാലാനാ ഓഫീസറോട് പറഞ്ഞിട്ടുണ്ടായിരുന്നു. ആ ജോലി ആരംഭിച്ചിട്ടുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അല്ലാഹു എല്ലവർക്കും അവരവരുടെ ജോലികളെല്ലാം ഭംഗിയായി നിർവ്വഹിക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِيْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَيْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ يُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَ نَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِی الْقُرْبٰی وَ يَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ يَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ يَذْکُرْکُمْ وَ ادْعُوْہُ يَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 26.07.2019
Malayalam Translation : **Mou.Najmuddin** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516